DESPATCHED
On. 20.11.2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001.
Tel: 0471 2335199, Fax: 0471 2330920 Email: sic.ker@nic.in

ഹർജി നമ്പർ എ.പി. 316(3)/2020/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 1572/എസ്.ഐ.സി.ജി1/2020)

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ.ശ്രീജിത്ത് മുല്ലശ്ശേരി,
ശ്രീലകം, തേഞ്ഞിപ്പാലം,
മലപ്പുറം – 673 636. } അപ്പീൽ ഹർജിക്കാരൻ

Vs

1) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്റുടെ കാര്യാലയം,
തിരൂരങ്ങാടി പി.ഒ , ചന്തപ്പടി– 676 306.

2) അപ്പീൽ അധികാരി,
സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്റുടെ കാര്യാലയം,
തിരൂരങ്ങാടി പി.ഒ , ചന്തപ്പടി– 676 306. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 05.10.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 29.10.2019 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 26.11.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.12.2019 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 23.01.2020 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 28.01.2020 |

## ഉത്തരവ്

17.09.2020 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരനും എതിർകക്ഷിയും ഓഡിയോ കോൺഫറൻസ് മുഖേന കമ്മീഷൻ മുമ്പാകെ നൽകിയ വിശദീകരണവും വിശദമായി പരിശോധിച്ച് അന്നേ ദിവസം തന്നെ താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. തിരൂരങ്ങാടി സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജൂനിയർ ഓഡിറ്ററായി ജോലി ചെയ്തിരുന്ന ശ്രീമതി പി.വി ബിന്ദു സഹകരണ വകു

പ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി, ടിയാളുടെ നിയമന ഉത്തരവിന്റെ പകർപ്പ്, ടിയാൾ കൈപ്പറ്റിയ യാത്രാ ബത്ത, ടിയാളുടെ ഔദ്യോഗിക ടൂർ പ്രോഗ്രാമിന്റെ പകർപ്പ് എന്നിവയാണ് ഹർജിക്കാരനായ ശ്രീജിത്ത് മുല്ലശ്ശേരി തിരൂരങ്ങാടി സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ) സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്. അതിൽ ഓഡിറ്ററുടെ ഡയറി, ടൂർ പ്രോഗ്രാം എന്നിവ ഒഴികെ ബാക്കിയെല്ലാ വിവരങ്ങളും എസ്.പി.ഐ.ഒ നൽകുകയുണ്ടായി. എസ്.പി.ഐ.ഒ യുടെ മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീൽ തീർപ്പാക്കിയ അപ്പീൽ അധികാരി ഹർജിക്കാരിയുടെ ടൂർ പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾ വിവരാവകാശ നിയമം 8(1)(b), 8(1)(j) പ്രകാരം അനുവദിക്കുവാൻ നിർവ്വാഹമില്ലെന്ന് ഉത്തരവ് നൽകിക്കൊണ്ട് തീർപ്പാക്കുകയാണ് ചെയ്തത്.

3. അപേക്ഷകൻ ആവശ്യപ്പെട്ട ടൂർ പ്രോഗ്രാം ഒരു ഔദ്യോഗിക രേഖയാണെങ്കിലും ഈ അപ്പീലുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒ ഓഡിയോ കോൺഫെറൻസിൽ കമ്മീഷനിൽ വിശദീകരിച്ച സാഹചര്യങ്ങൾ വെച്ചു നോക്കുമ്പോൾ അത് ഒരു മൂന്നാം കക്ഷി വിവരമായി കണക്കാക്കാവുന്നതാണ്. മൂന്നാം കക്ഷി വിവരം ആയതിനാൽ കമ്മീഷൻ നേരിട്ട് ശ്രീമതി പി.വി.ബിന്ദു വിന്റെ വിശദീകരണം ആരാഞ്ഞിരുന്നു. അതിനു അവർ നൽകിയ മൊഴി ഹർജിക്കാരൻ അസിസ്റ്റന്റ് സെക്രട്ടറിയായി ജോലി ചെയ്യുന്ന തേഞ്ഞിപ്പാലം റൂറൽ സഹകരണ ബാങ്കിനെതിരെ 2017–18 വർഷത്തെ ഓഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടിൽ ശ്രീമതി പി.വി.ബിന്ദു നടത്തിയ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ജോയിന്റ് രജിസ്ട്രാർ ജനറൽ അന്വേഷണത്തിന് ഉത്തരവ് ഇട്ടതിനെ തുടർന്ന് ഹർജിക്കാരൻ സോഷ്യൽ മീഡിയ മുഖേനയും അല്ലാതെയും അവർക്കെതിരെ അനാവശ്യ പ്രചരണം നടത്തിയെന്നും അതിനെതിരെ ടിയാൾ പോലീസിൽ പരാതി നൽകുകയും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ എഫ്.ഐ.ആർ ഫയൽ ചെയ്തിട്ടുള്ളതാണെന്നും, അതേ തുടർന്ന് തന്നെ നിരന്തരം ബുദ്ധിമുട്ടിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ വിവരാവകാശ അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നാണ്.

4. ഒരു ഔദ്യോഗിക രേഖ ഒരു വ്യക്തിയുടെ പ്രത്യേകിച്ച് ഒരു സ്ത്രീയുടെ, സ്വസ്ഥമായ ജീവിതത്തിന് തടസ്സമുണ്ടാക്കുവാൻ വേണ്ടി ആവശ്യപ്പെടുന്നത് വിവരാവകാശ നിയമത്തിലെ 8(1)(g) യുടെ പരിധിയിൽപ്പെടുത്തി നിഷേധിക്കാവുന്നതാണ്. വിവരാവകാശ നിയമത്തിലെ 8(1)(g) വകുപ്പ് ഒരു വ്യക്തിയുടെ ജീവനോ സുരക്ഷിതത്വത്തിനോ ഭീക്ഷണി ആകാവുന്ന വിവരങ്ങൾ വെളിപ്പെടുത്തുന്നതിനെതിരെ സംരക്ഷണം നൽകുന്നുണ്ട്. ഒരു സ്ത്രീ ജീവനക്കാരി തന്റെ ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി നടത്തിയിട്ടുള്ള നടപടി പ്രതികൂലമായി ബാധിക്കപ്പെട്ട ഒരു വ്യക്തി വിവരാവകാശ നിയമം ഉപയോഗിച്ച് അവരുമായി ബന്ധപ്പെട്ട ഔദ്യോഗിക രേഖകൾ ശേഖരിക്കുന്നത് അത്തരം ഉദ്യോഗസ്ഥരെ ഭീക്ഷണിപ്പെടുത്താനും മുൾമുനയിൽ നിർത്താനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അത്തരം സമ്മർദ്ദതന്ത്രങ്ങൾക്ക് വിധേയമാക്കപ്പെടുന്ന ജീവനക്കാർക്ക്, പ്രത്യേകിച്ചും വനിതാ ജീവനക്കാർക്ക്, ഔദ്യോഗിക കൃത്യ നിർവ്വഹണം നടത്തിയതിന്റെ പേരിൽ സ്വസ്ഥമായിട്ട് ജീവിക്കുവാനുള്ള അവകാശം നഷ്ട്ടപ്പെടുക എന്നത് വിവരാവകാശ നിയമം 8(1)(g) യിൽ വിഭാവന ചെയ്തിരിക്കുന്ന ജീവനുള്ള ഭീക്ഷണിയായി തന്നെ കരുതാവുന്നതാണ്. ഈ സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ശ്രീമതി പി.വി ബിന്ദുവിന്റെ ടൂർ പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്താതിരുന്ന അപ്പീൽ അധികാരിയുടെ തീരുമാനം ശരിവച്ചുകൊണ്ട് ഈ അപ്പീൽ ഹർജി തള്ളിക്കളയുന്നു. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 സെപ്റ്റംബർ മാസം 17-ാം തീയതി തീർപ്പാക്കുന്നു.

ഒപ്പ്
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

JN